—2039—

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – പ്രളയക്കെടുതിയിൽ കാസർഗോഡ് ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം.108/2019 /റവ. തിരുവനന്തപുരം, തീയതി, 08.01.2019

==========================================================================

പരാമർശം:- 1. 08.12.2018 തീയതിയിലെ സ.ഉ. (സാധ) നം. 5088/2018/റവ.
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 28.12.2018 തീയതിയിലെ DCKSGD/8108/2018-L6(4495/18) നമ്പർ കത്ത്.

## ഉത്തരവ്

സൂചന (1) പ്രകാരം 2018 ലെ പ്രളയത്തിൽ കാസർഗോഡ് ജില്ലയിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1,52,00,000/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു.

2. കാസർഗോഡ് ജില്ലയിലെ വീടുകൾക്ക് നാശനഷ്ടം നേരിട്ടവർക്ക് വിതരണം ചെയ്യുന്നതിനായി ആകെ 3,38,84,200/- രൂപ ആവശ്യമാണെന്നും സൂചന (1) പ്രകാരം അനുവദിച്ച തുക കഴിച്ചുള്ള 1,86,84,200/- രൂപ അനുവദിക്കണമെന്നും സൂചന (2) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും 2018 ലെ പ്രളയത്തിൽ കാസർഗോഡ് ജില്ലയിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് വിതരണം ചെയ്യുന്നതിനായി സൂചന (1) പ്രകാരം അനുവദിച്ച 1,52,00,000/- രൂപ യ്ക്ക് പുറമെ 1,86,84,200/- രൂപ അധികമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായിവരുന്ന **1,86,84,200/- രൂപ (ഒരു കോടി എൺപത്തി ആറ് ലക്ഷത്തി എൺപത്തി നാലായിരത്തി ഇരുന്നൂറ് രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ ട്രഷറി ഓഫീസർ, കാസർഗോഡ് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

-2035-

# കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **134/2019/റവ.** തിരുവനന്തപുരം, തീയതി, **14-01-2019**

==========================================================================

പരാമർശം:- 1. സ.ഉ. (സാധാ) നം. 5088/2018/റവ., തീയതി, 08.12.2018.

2. ആലപ്പുഴ ജില്ലാ കളക്ടറുടെ 31.12.2018-ലെ എൻ1-28248/2018 നമ്പർ കത്ത്.

## ഉത്തരവ്

പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,26,55,00,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തഹസിൽദാർമാരിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുമ്പ് അനുവദിച്ച ധനസഹായത്തിന് പുറമേ 125,45,92,800/- (നൂറ്റിയിരുപത്തഞ്ച് കോടി നാൽപ്പത്തഞ്ച് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടു. 2018-ലെ പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ നാളിതുവരെ തിട്ടപ്പെടുത്തിയ വിവരങ്ങളും ആയതു പ്രകാരം ആവശ്യമായ തുകയും ആലപ്പുഴ ജില്ലാകളക്ടർ ലഭ്യമാക്കുകയുണ്ടായി.

| നഷ്ട ശതമാനം | വീടുകളുടെ എണ്ണം | | | | | | | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധന സഹായം | ആവശ്യമായ ഫണ്ട് |
|---|---|---|---|---|---|---|---|---|---|
| | ചേർത്തല | അമ്പലപ്പുഴ | കുട്ടനാട് | കാർത്തികപ്പള്ളി | മാവേലിക്കര | ചെങ്ങന്നൂർ | ആകെ | | |
| 15.00% | 1179 | 5345 | 13672 | 4939 | 1350 | 4831 | 31316 | 4800 | 150316800 |
| 16-29% | 1103 | 2617 | 8688 | 1875 | 640 | 3059 | 17982 | 31500 | 566433000 |
| 30-59% | 565 | 1142 | 3804 | 1172 | 110 | 2604 | 9397 | 77500 | 728267500 |
| 60-74% | 338 | 502 | 1274 | 845 | 95 | 661 | 3715 | 179000 | 664985000 |
| 75-100% | 119 | 250 | 451 | 159 | 48 | 318 | 1345 | 304900 | 410090500 |
| | | | | | | | | **TOTAL** | 2520092800 |
| | | | | | | | Fund already alloted | | 1265500000 |
| | | | | | | | Balance fund required | | 125,45,92,800 |

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയ്ക്ക് പരാമർശം ( ഉത്തരവ് പ്രകാരം അനുവദിച്ച ധനസഹായത്തിനു പുറമേ 125,45,92,800/- (നൂറ്റിയിരുപത്തഞ്ച് കോടി നാൽപ്പത്തഞ്ച് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 125,45,92,800/- (നൂറ്റിയിരുപത്തഞ്ച് കോടി നാൽപ്പത്തഞ്ച് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എൽ,
സ്പെഷ്യൽ സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ ഫണ്ട്സ് വകുപ്പ്.
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- റവന്യൂ (ദുരന്ത നിവാരണ വകുപ്പ്/ഡി.ആർ.എഫ് എ/ഡി.ആർ.എഫ് ബി വകുപ്പുകൾക്ക്)
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം,

Bindumol. K.N

സെക്ഷൻ ഓഫീസർ.